**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** **04-02-2026 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാർഷിക മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാർഷിക മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>**2021-22 സാമ്പത്തിക വർഷത്തെ കൃഷി വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ**<br><br>കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 2020-21ൽ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതി മറ്റു വിള അധിഷ്ഠിത പദ്ധതികളിലൂടെ നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവയെ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് വേണ്ടി ഉപയോഗിച്ചു.<br><br>നെൽവയലുകൾ തരം മാറ്റുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും വയലുകൾ നിലനിർത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000/- രൂപ നിരക്കിൽ റോയൽറ്റി അനുവദിച്ചു.<br><br>പച്ചക്കറി വികസന പദ്ധതിയിലൂടെ കേരളത്തിലെ പച്ചക്കറി ഉത്പാദനം 2021-22 സാമ്പത്തിക വർഷത്തിൽ 16.1 ലക്ഷം MT എത്തിക്കാൻ സാധിച്ചു.<br><br>നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം 16 ലക്ഷം വിത്തുതേങ്ങ സംഭരിയ്ക്കുന്നതിന് ഭൗതിക ലക്ഷ്യം നൽകിയിരുന്നതിൽ 14.92571 ലക്ഷം 2022 മാർച്ച് 31 വരെ ശേഖരിയ്ക്കുകയുണ്ടായി. 2021-22 വർഷം 898647 WCT തൈകളും 31293 കുറിയ |

ഇനം തൈകളും 130052 സങ്കരയിനം തൈകളും ഉൾപ്പെടെ 1059992 തൈകൾ വിവിധ ജില്ലകളിലായി കർഷകർക്ക് വിതരണം ചെയ്തു.

21 വിവിധ ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പൊതുസ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനുമായി ലക്ഷ്യമിട്ട് ആവിഷ്കരിച്ച "ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ" എന്ന പദ്ധതി നടപ്പിലാക്കി.

2018ലും 2019ലുമായി പ്രളയത്തിന്റെ ഫലമായി കാർഷികമേഖലയിലുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനായി പുനർജ്ജനി പദ്ധതി നടപ്പിലാക്കി.

സുസ്ഥിര കാർഷിക മേഖലയിലേക്ക് നയിക്കുന്ന സാങ്കേതിക വികസനത്തിലും കൈമാറ്റത്തിലും കർഷകരെ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്ന പങ്കാളിത്ത വിപുലീകരണത്തിനായി കൃഷി പാഠശാല പദ്ധതി നടപ്പിലാക്കി.

16ഇനം പഴം പച്ചക്കറികളുടെ വില സ്ഥിരത ഉറപ്പുവരുത്തുന്നതിനും കർഷകർക്ക് ന്യായ വില ലഭിക്കുന്നതിനുമായി കേരളം ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതിയി നടപ്പിലാക്കി.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ കെ വി വൈ പദ്ധതിയിൽ നിന്നും 8.35 കോടി രൂപ ചെലവഴിച്ച് തരിശു ഭൂമി കൃഷി നടപ്പിലാക്കി.

സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനം വ്യാപിപ്പിച്ചു.

പെസ്റ്റ് സ്കൗട്ട് സംവിധാനം കർഷകർക്ക് പ്രയോജനപ്പെടുന്ന തരത്തിൽ വിജയകരമായി നടപ്പിലാക്കി.

നിലവിലുണ്ടായിരുന്ന പ്രീമിയം നിരക്കിൽ നേരിയ വർദ്ധന മാത്രം വരുത്തിക്കൊണ്ട് നഷ്ടപരിഹാരത്തുകയിൽ ഗണ്യമായ വർദ്ധനവ് വരുത്തി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.

ഗ്രാമീണ ചന്തകളും ആഴ്ച ചന്തകളും നടത്തി കർഷകരുടെ ഉല്പന്നങ്ങൾക്ക് വിപണന സൗകര്യങ്ങൾ ഒരുക്കി. പ്രത്യേക ഓണം വിഷു വിപണികൾ നടപ്പിലാക്കി.

ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, RIDF പദ്ധതിയിലൂടെ നടപ്പിലാക്കി

എയിംസ് പോർട്ടലിലൂടെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പല തരം സേവനങ്ങളും കർഷകർക്ക് ലഭ്യമാക്കുവാൻ സാധിച്ചു.

**2022-23 വർഷത്തെ കൃഷി വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ**

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയും, എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കി വരുന്ന “ഞങ്ങളും കൃഷിയിലേക്ക്” എന്ന ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കിയ “സമഗ്ര പച്ചക്കറി വികസന പദ്ധതി” യിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയും കൃഷി വകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കൃഷിയിടങ്ങൾ നേരിട്ട് സന്ദർശിച്ചും, കർഷകരോട് സംവദിച്ചും, കർഷകരുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി "കൃഷി ദർശൻ" എന്ന പരിപാടി നടപ്പിലാക്കി.

2022-23 സാമ്പത്തിക വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിക്കുന്നതിനും അതിലൂടെ 17.10 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുകയും ചെയ്തു.

2022-23 സാമ്പത്തിക വർഷത്തിൽ വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 49.31 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 200.42394 ലക്ഷം പച്ചക്കറി തൈകളും, 6.72278 ലക്ഷം ദീർഘകാല പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധ സംഘടനകൾക്കും, മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തു.

ഇടുക്കി, വയനാട് ജില്ലകളിലായി 579 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറി വ്യാപിപ്പിച്ചു.

100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ 950 എണ്ണം മഴമറകൾ സ്ഥാപിച്ചു.

സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിലെ ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനിയുടെ അളവും പരിശോധിക്കുന്നതിനായ് "സേഫ് ടു ഈറ്റ്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറിന് ഉല്പാദനോപാദികളുടെ ചെലവിനായി 5500/- രൂപ സബ്സിഡി നിരക്കിൽ 93509.9357 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കി.

നെൽവയലുകൾ തരം മാറ്റുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും വയലുകൾ നിലനിർത്തുന്നതിനുമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 3000/- രൂപ നിരക്കിൽ റോയൽറ്റി നൽകി വരുന്നു.

2022-23 വർഷത്തിൽ 970.19185 ഹെക്ടർ തരിശു നിലങ്ങളെ കൃഷിയോഗ്യമാക്കി നെൽ കൃഷി ചെയ്തു.

നെൽകൃഷി വിസ്തൃതി വർധിപ്പിക്കുന്നതിന് പരിമിതികൾ ഉള്ള സാഹചര്യത്തിൽ നിലവിൽ ഒരുപ്പൂ കൃഷി ചെയ്യുന്ന 338.6 ഹെക്ടർ പാടശേഖരങ്ങളെ ഇരിപ്പൂ കൃഷി ചെയ്യുന്നതാക്കി മാറ്റി.

511.531132 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി നടപ്പിലാക്കി.

പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവ 617.7 ഹെക്ടർ സ്ഥലത്തു കൃഷി ചെയ്തു.

സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം ഒന്നാം വർഷ പദ്ധതി 13 ജില്ലകളിൽ നടപ്പിലാക്കി. 100 ഹെക്ടർ വീതം കേര കൃഷി വിസ്തൃതി ഉള്ള 98 കേരഗ്രാമങ്ങൾ തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തു പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത് .

നാളികേര കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി **1123790** WCT തൈകളും **40965** കുറിയ ഇനം തൈകളും **98812** സങ്കരയിനം തൈകളും ഉൾപ്പെടെ **12,63,567** തൈകൾ വിവിധ ജില്ലകളിലായി കർഷകർക്ക് വിതരണം ചെയ്തു.

നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം 15.71839 ലക്ഷം WCT, 1.76567 ലക്ഷം ഹൈബ്രിഡ്, 1.34542 ലക്ഷം കുറിയയിനം

എന്നിങ്ങനെ ആകെ 18.82948 ലക്ഷം വിത്തുതേങ്ങ സംഭരിച്ചു.

സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 2020-21 മുതൽ 10 വർഷത്തേയ്ക്ക് ഓരോ വർഷവും ഒരു കോടി ഫലവൃക്ഷതൈകൾ നട്ടു പിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫലവർഗ്ഗ വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

നല്ലയിനം മാവുകളുടെ അതിസാന്ദ്രതാ കൃഷി 7.5 ഹെക്ടറിൽ നടപ്പിലാക്കി. കർഷകർക്ക് വിതരണം നടത്തുന്നതിനായി വിവിധയിനം ഫലവൃക്ഷങ്ങളുടെ 850126 ഗ്രാഫ്റ്റുകൾ, 516865 ലയറുകൾ, 2829654 ഫലവൃക്ഷ തൈകൾ, 1216501 tissue culture വാഴതൈകൾ, 1481489 വാഴക്കന്ന് തുടങ്ങിയവ ഉല്പാദിപ്പിച്ചു.

സംസ്ഥാനത്ത് ഔഷധ സസ്യകൃഷി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം ഔഷധസസ്യങ്ങളുടെ നടീൽ വസ്തുക്കൾ കൃഷി വകുപ്പ് ഫാമുകളിൽ ഉത്പാദിപ്പിച്ച് കർഷകർക്കു വിതരണം ചെയ്തു.

ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ 58.8 ഹെക്ടർ സ്ഥലത്ത് ഔഷധസസ്യകൃഷി നടത്തുകയുണ്ടായി.

'ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതി യുടെ ഭാഗമായി 2463.20 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കി.

മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുവേണ്ടി 2612.12 ഹെക്ടറിൽ പയറുവർഗവിളകൾ കൃഷി ചെയ്തു.

പ്രാദേശിക അടിസ്ഥാനത്തിൽ ജൈവ ഉല്പാദനോപാദികൾ കർഷകർ ഉത്പാദിപ്പിച്ചു. മറ്റു കർഷകർക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ ജൈവ ഉൽപാദനോപാദികൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ചെലവുകളുടെ 75% തുക ധനസഹായമായി നൽകി

ജൈവ ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം ഒരുക്കുന്നതിന് VFPCK മുഖാന്തിരം എറണാകുളം ജില്ലയിൽ ഒരു ഹൈടെക് സൂപ്പർമാർക്കറ്റ് ആരംഭിച്ചു.

ആലുവ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തെ ഇന്ത്യയിലെ പൊതുമേഖലയിലെ ആദ്യ കാർബൺ ന്യൂട്രൽ ഫാമായി ബഹു. കേരളാ മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന പരിപാടികൾ ശക്തിപ്പെടുത്തി. 10760 ഫാം പ്ലാനുകൾ തയ്യാറാക്കി.

സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ആകെ നിലവിലുള്ള 19498 വാർഡുകൾ കേന്ദ്രമാക്കി കർഷകസഭകളും ഞാറ്റുവേല ചന്തകളും സംഘടിപ്പിച്ചു.

മാനദണ്ഡങ്ങൾ അനുസരിച്ച് തിരഞ്ഞെടുത്ത 27 കർഷക പ്രതിനിധികളെ ഇസ്രായേലിലെ കാർഷിക നൂതന സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിനായി ഇസ്രായേലിൽ പരിശീലനത്തിനയച്ചു.

സംസ്ഥാനമൊട്ടാകെ 523 സംയോജിത കൃഷിസമ്പ്രദായ യൂണിറ്റുകൾ സ്ഥാപിച്ചു.

**സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം** നിലവിൽ 27 വിളകൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. 2022-2023 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരമായി 4082.4993 ലക്ഷം രൂപ വിതരണം ചെയ്തു.

**പ്രകൃതി ക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടി പ്രകാരം വിളനാശം സംഭവിച്ച കർഷകർക്ക് 594.155 MT വിത്ത് സൗജന്യമായി വിതരണം ചെയ്തു. പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള വിള നാശത്തിനുള്ള നഷ്ടപരിഹാരത്തിന്റെ സംസ്ഥാന വിഹിതമായി 499.12612 ലക്ഷം രൂപ വിതരണം ചെയ്തു.**

**2023-24 വർഷത്തെ കൃഷി വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ**

ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി ജി.ഒ (എം.എസ്സ്) 71/2023/ അഗ്രി, തീയതി 07-08-2023 പ്രകാരം കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ചു.

ജൈവകൃഷി വികസനം ത്വരിതപ്പെടുത്തുന്നതിനായി ജൈവ കാർഷിക മിഷൻ രൂപീകരിച്ചു.

സംസ്ഥാനത്ത് സ്വയംപര്യാപ്ത ആരോഗ്യ ഭക്ഷണത്തിനായും ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ഊന്നൽ നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനായി പോഷക സമൃദ്ധി മിഷൻ രൂപീകരിച്ചു.

**കേരളഗ്രോ എന്ന കൃഷി വകുപ്പിന്റെ ഏകീകൃത ബ്രാൻഡിൽ കാർഷികോല്പന്നങ്ങൾ നേരിട്ടും ആമസോൺ ഫ്ലിപ്പ് കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും പൊതുജനങ്ങളിൽ എത്തിക്കുന്നതിന് തുടക്കം കുറിച്ചു.**

**2023-24 വർഷം കേരളഗ്രോ ബ്രാൻഡിൽ 23 സർക്കാർ ഫാമുകളുടെ 195 ഉത്പന്നങ്ങളും സംസ്ഥാന ബയോ കൺട്രോൾ ലാബിന്റെ 10 ഉത്പന്നങ്ങളും ആമസോൺ ഫ്ലിപ്പ് കാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാക്കി.**

**വിവിധ ജില്ലകളിലെ 76 സംരംഭകരുടേതായി 400 ഉല്പന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.**

**കേരളഗ്രോ ബ്രാൻഡ് ഷോപ്പുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നത്തിന്റെ ഭാഗമായി 14 കേരളഗ്രോ ബ്രാൻഡ് ഷോപ്പുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.**

**കേരളഗ്രോ റിസോഴ്സ് സെന്റർ – സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതും ലക്ഷ്യമിട്ട് എല്ലാ ജില്ലകളിലും കേരളഗ്രോ റിസോഴ്സ് സെന്റർ രൂപീകരിച്ചു.**

ബഹുവിള കൃഷി, ഇടവിള കൃഷി, വിള പരിക്രമം (crop rotation) എന്നിവയിലൂടെ വിള വൈവിധ്യവത്കരണം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 'വിള വൈവിധ്യവൽക്കരണം, വിളതീവ്രത, അവതരണം' (Crop Diversification, Intensification & Introduction) എന്ന പദ്ധതി നടപ്പിലാക്കി.

2023-24 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതിയിൽ ഉൾപ്പെട്ട 61 ആദിവാസി ഊരുകളിലായി 889.27 ഹെക്ടർ സ്ഥലത്ത് 1273 കർഷകർക്ക് നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP)

സർട്ടിഫിക്കേഷൻ പ്രക്രിയ നടപ്പിലാക്കുന്നതിന് സാധിച്ചു.

കാർഷിക വിളകളെ വന്യമൃഗാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് ആദ്യമായി രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയിൽ കേരളത്തിലെ ആറു ജില്ലകളിൽ, സോളാർ ഫെൻസിങ്, ഹാങ്ങിങ് സോളാർ ഫെൻസിങ്, ആന കിടങ്ങുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുകയും ചെയ്തു.

2023-24 സാമ്പത്തിക വർഷത്തിൽ വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 108.6 ലക്ഷം പച്ചക്കറി തൈകളും, സങ്കരയിനം പച്ചക്കറി വിത്തുകളുടെ 13.78 ലക്ഷം പായ്ക്കറ്റുകളും, അത്യുല്പാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ 116.66 ലക്ഷം തൈകളും വിതരണം പൂർണ്ണമായും സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്.

274.39 സ്ക്വയർ മീറ്ററിൽ മഴമറകൾ സ്ഥാപിച്ചു. തുറസ്സായ സ്ഥലത്തെ കൃത്യത കൃഷി 91.868 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി.

വി.എഫ്.പി.സി.കെ മുഖേന പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് അഗ്രോ എക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനമാക്കി 1,267 ഹെക്ടറിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു. 80 ഹെക്ടറിൽ കയറ്റുമതി മൂല്യമുള്ള പച്ചക്കറി ഉൽപാദനവും പ്രോത്സാഹിപ്പിച്ചു. 1,000 ഹെക്ടർ സ്ഥലത്തേയ്ക്ക് വാണിജ്യ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മമൂലകങ്ങൾ, ഡോളോമൈറ്റ് എന്നിവ ലഭ്യമാക്കി. 267 ഹെക്ടറിൽ നാടൻ പച്ചക്കറി കൃഷി വ്യാപിപ്പിച്ചു.

നെൽകൃഷി വിസ്തൃതി വർധിപ്പിക്കുന്നതിന് പരിമിതികൾ ഉള്ള സാഹചര്യത്തിൽ നിലവിൽ ഒരുപ്പൂ കൃഷി ചെയ്യുന്ന 489.17 ഹെക്ടർ പാടശേഖരങ്ങളെ ഇരിപ്പൂ കൃഷി ചെയ്യുന്നതാക്കി മാറ്റി.

2023-24 വർഷത്തിൽ 678.93 ഹെക്ടർ തരിശു നിലങ്ങളെ കൃഷിയോഗ്യമാക്കി നെൽ കൃഷി ചെയ്തു.

പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവ 157.122ഹെക്ടർ സ്ഥലത്തു കൃഷി ചെയ്തു.

ഡ്രോൺ ഉപയോഗിച്ചുള്ള വളം/ കീടനാശിനി പ്രയോഗം 4242.214ഹെക്ടർ സ്ഥലത്തു നടപ്പിലാക്കി.

സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം ഒന്നാം വർഷ പദ്ധതി 12 ജില്ലകളിൽ നടപ്പിലാക്കി. 100 ഹെക്ടർ വീതം കേര കൃഷി വിസ്തൃതി ഉള്ള 41കേരഗ്രാമങ്ങൾ തെരെഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തു പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്.

നാളികേര കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 1173095 WCT തൈകളും 69509 കുറിയ ഇനം തൈകളും 144827 സങ്കരയിനം തൈകളും വിവിധ ജില്ലകളിലായി കർഷകർക്ക് വിതരണം ചെയ്തു.

നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം 14 ലക്ഷം WCT, 2.1 ലക്ഷം ഹൈബ്രിഡ്, 1.5 ലക്ഷം കുറിയയിനം വിത്തുതേങ്ങ സംഭരിച്ചു.

സംസ്ഥാനത്ത് ഔഷധ സസ്യകൃഷി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം ഔഷധസസ്യങ്ങളുടെ നടീൽ വസ്തുക്കൾ കൃഷി വകുപ്പ് ഫാമുകളിൽ ഉത്പാദിപ്പിച്ച് കർഷകർക്കു വിതരണം ചെയ്തു.

2023-24 വർഷത്തിൽ 17 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പുതുതായി സ്ഥാപിച്ചു.

മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുവേണ്ടി 1000 ഹെക്ടറിൽ പയറുവർഗവിളകൾ കൃഷി ചെയ്തു

95 ജൈവ വള ഉല്പാദന യൂണിറ്റുകൾക്ക് ധനസഹായം വിതരണം ചെയ്തു.

കാർബൺ ന്യൂട്രൽ കൃഷി - ആലുവ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിനു പുറമെ തിരഞ്ഞെടുത്ത 13 ഫാമുകളെയും അതിരപ്പള്ളി ട്രൈബൽ മേഖലയെയും കാർബൺ ന്യൂട്രൽ ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന പരിപാടികൾ ശക്തിപ്പെടുത്തി. 2023-24 വർഷത്തിൽ 10760 ഫാം പ്ലാനുകൾ തയ്യാറാക്കി.

സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ

എന്നിവിടങ്ങളിൽ ആകെ നിലവിലുള്ള 19498 വാർഡുകൾ കേന്ദ്രമാക്കി കർഷകസഭകളും ഞാറ്റുവേല ചന്തകളും സംഘടിപ്പിച്ചു.

ചെറുധാന്യ കൃഷി വികസനത്തിന്റെ ഭാഗമായി ചെറുധാന്യം 861.8 ഹെക്ടറിൽ കൃഷി ചെയ്യാൻ സാധിച്ചു, 14 മില്ലറ്റ് കഫേ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ചെറുധാന്യങ്ങളുടെ കൃഷിയും വിളവെടുപ്പാനന്തര പരിപാലനവും ഇവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യ കൈമാറ്റത്തിനായി ഹൈദരാബാദ് ആസ്ഥാനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസേർച്ചുമായി ധാരണപത്രം ഒപ്പുവെച്ചു.

പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം 27 ഇനം വിളകൾക്ക് വിളനാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നു പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, നെൽകൃഷിക്ക് കീടരോഗബാധ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി. 2023-2024 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരമായി 1966.09721. ലക്ഷം രൂപ വിതരണം ചെയ്തു.

പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള വിള നാശത്തിനുള്ള നഷ്ടപരിഹാരത്തിന്റെ സംസ്ഥാന വിഹിതമായി 394.3633 ലക്ഷം രൂപ വിതരണം ചെയ്തു.

കൃഷിയിടങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് വിള ആരോഗ്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് അടിസ്ഥാനത്തിൽ തുക അനുവദിച്ചു.

**ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിപ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ 2,11,266 ഗുണഭോക്താക്കൾക്ക് 304.22192 കോടി രൂപ പെൻഷനായി നൽകിയിട്ടുണ്ട്.**

**കർഷക ക്ഷേമനിധി ബോർഡ് - കേരള കർഷക ക്ഷേമനിധി ബോർഡിൽ 18407 കർഷകർ അപേക്ഷിച്ചതിൽ നാളിതുവരെ 15104 കർഷകർ രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. 2,75,40,334/- രൂപ അംശാദായമായി ലഭിച്ചിട്ടുണ്ട്.**

**പച്ചത്തേങ്ങയുടെ സംഭരണ വില കിലോയ്ക്ക് 32 രൂപയായിരുന്നത് 2023 ഏപ്രിൽ 1 മുതൽ 34**

രൂപയായി സർക്കാർ പുതുക്കി നിശ്ചയിച്ചു. 2023-24 വർഷത്തിൽ 16576.35712 MT പച്ചത്തേങ്ങ 37284 കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്.

നാഫെഡ് മുഖേനയുള്ള കൊപ്ര സംഭരണത്തിൽ 2023-24 സാമ്പത്തിക വർഷം 118.36 മെട്രിക് ടൺ കൊപ്ര കേരളത്തിലെ കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്. സെൻട്രൽ വെയർഹൗസ് കോർപ്പറേഷൻ കൂടി കൊപ്രാ സംഭരണത്തിൽ പങ്കെടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

നെല്ല് സംഭരണം സംസ്ഥാന സർക്കാർ കിലോയ്ക്ക് 28.20 രൂപ സംഭരണ വില നൽകിയാണ് നെല്ല് സംഭരിച്ചത്. 2023-24 സീസണിൽ 31.03.2024 വരെ 2.59175 ലക്ഷം മെട്രിക്ക് ടൺ നെല്ല് 100114 കർഷകരിൽ നിന്നായി സംഭരിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക ആകർഷകവും സുരക്ഷിതവുമായ പാക്കിംഗ് നടപ്പിലാക്കുന്നതിന് മുംബൈ ആസ്ഥാനമായുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും, കർഷകർക്കും വിവിധ എഫ്.പി.ഒ കൾക്കും പരിശീലനം നൽകുകയും ചെയ്തു.

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് 2024 ഏപ്രിൽ ഒന്നിന് കിലോഗ്രാമിന് 170/- രൂപ എന്നത് 180/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 180.00 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്.

പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവകാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പുതിയ 5 ഇക്കോ ഷോപ്പുകൾ രൂപീകരിച്ചു.

കാർഷികോകോൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്ന കർഷക മിത്ര പദ്ധതി തുടരുന്നു

വിലസ്ഥിരതയ്ക്ക് വേണ്ടിയുള്ള വിപണി ഇടപെടൽ - 2023-24 ൽ 1912 ഓണ വിപണികൾ നടത്തി.

കേരള ഫാം ഫ്രഷ് പഴം പച്ചക്കറി - ബേസ് പ്രൈസ് പദ്ധതി പ്രകാരം 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില. 2023-24 വർഷത്തിൽ 611 ഗുണഭോക്താക്കൾക്ക് 94.04057 ലക്ഷം രൂപ വിതരണം ചെയ്തു.

**സംസ്ഥാനത്തെ മൊത്തവ്യാപാര വിപണികളുടേയും, ജില്ലാസംഭരണ കേന്ദ്രങ്ങളുടേയും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായും പ്രവർത്തന ചെലവുകൾക്കായും 50.87752 ലക്ഷം രൂപ ചെലവഴിച്ചു.**

**അഗ്മാർക്ക്നെറ്റ് വിപണി വിവരശേഖരണത്തിനായി കേരളത്തിലെ 109 അഗ്മാർക്ക് നെറ്റ് നോഡുകളിൽ 92 എണ്ണം കൃഷി വകുപ്പും 17 എണ്ണം വി.എഫ്.പി.സി.കെ യും റിപ്പോർട്ട് ചെയ്തുവരുന്നു.**

കേരള ഇന്റഗ്രേറ്റഡ് അഗ്രികൾച്ചർ ഡാറ്റാ ഹബ്ബിന്റെ ഭാഗമായി കാർഷിക വിവര ഹബ്ബും ഡിജിറ്റൽ കർഷക സേവന പ്ലാറ്റ്ഫോമും വികസനത്തിനായുള്ള പദ്ധതി പുരോഗമിക്കുന്നു.

കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി വാല്യു ചെയിൻ മോഡണൈസേഷൻ (KERA) - കാലാവസ്ഥാവ്യതിയാനം, പകർച്ച വ്യാധികൾ എന്നിവ ഉൾപ്പടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ആഘാതങ്ങൾക്കെതിരെ കാർഷിക കേരളത്തിന്റെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും, മൂല്യ ശൃംഖല നവീകരിക്കുന്നതിനുമായി സംസ്ഥാനത്തിന്റെ കാർഷികമേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതിയാണ് കേര. ആയതിന് GO(MS)No9/2024/AGRI/ date 1/1/2024 പ്രകാരം ഭരണാനുമതി നല്കി.

സെന്റർ ഓഫ് എക്സലൻസ് - മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയുടെയും റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയുടെയും സഹായത്തോടെ, ഇൻഡോ-ഡച്ച് കർമ്മ പദ്ധതിയുടെ ഭാഗമായി പച്ചക്കറി-പുഷ്പ വിളകളുടെ ഒരു മികവിന്റെ കേന്ദ്രം വയനാട് ജില്ലയിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ സ്ഥാപിച്ചു. പദ്ധതിയുടെ അടങ്കൽ തുക 13.18 കോടി രൂപയാണ്.

**ഡെവലപ്മെന്റ് ഓഫ് അഗ്രികൾച്ചറൽ സെക്ടർ ഇന കുട്ടനാട് -** 2023-2024 സാമ്പത്തിക വർഷം 37 വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ പാടശേഖരങ്ങളിലും ആലപ്പുഴ ജില്ലയിലെ കൈനകര ആർ ബ്ലോക്ക് പാടശേഖരത്തിലും സ്ഥാപിച്ചു.

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സംസ്ഥാന കീടനാശിനി ഗുണനിലവാര പരിശോധനശാലക്ക്

നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അക്രഡിറ്റേഷൻ ലഭിച്ചു.

**2024-25 വർഷത്തെ കൃഷി വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ**

'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ രണ്ടാം ഘട്ടമായി 'കൃഷി സമൃദ്ധി' പദ്ധതി ഈ വർഷം നടപ്പിലാക്കിത്തുടങ്ങി. കൃഷിയിലൂടെ പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കുന്നതിനായുള്ള സമഗ്രപദ്ധതിയാണ് കൃഷിസമൃദ്ധി. ആദ്യ ഘട്ടമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 107 കൃഷി ഭവനുകളിൽ വിവിധ പദ്ധതികൾ സംയോജിപ്പിച്ചു കൊണ്ട് കൃഷി സമൃദ്ധി പദ്ധതി നടപ്പിലാക്കി.

കേരളത്തിലെ കർഷകരുടെയും കാർഷികവിളകളുടെയും കൃഷിഭൂമിയുടെയും കൃത്യമായ വിവരശേഖരണം നടത്തുന്നതിന് വേണ്ടി 'കതിർ' (KATHIR) എന്ന ഒരു പോർട്ടലും ആപ്പും രൂപകല്പന ചെയ്ത് വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. അതോടൊപ്പം തന്നെ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ 'അഗ്രി സ്റ്റാക്ക്' പദ്ധതിയിലൂടെ പതിനേഴ് ലക്ഷത്തോളം കർഷകരെ ആധാർ വിവരങ്ങളും ഭൂമിയുടെ വിശദാംശങ്ങളും ബാങ്ക് അക്കൗണ്ട് വിവരങ്ങളും സഹിതം രജിസ്റ്റർ ചെയ്യിക്കാൻ സാധിച്ചു. ഇത് വഴി കാർഷിക മേഖലയിലെ പ്രവർത്തനങ്ങളുടെ ആസൂത്രണം കൃത്യമായി രീതിയിൽ ചെയ്യാൻ സാധിക്കും.

'വാണിജ്യകൃഷി പ്രോത്സാഹിപ്പിക്കുക' എന്ന ലക്ഷ്യത്തോടെയും കൃഷി ചെയ്യാൻ താല്പര്യമുള്ളവർക്ക കൃഷിഭൂമി ലഭ്യമാകാത്ത അവസ്ഥാവിശേഷം പരിഹരിക്കുന്നതിനും കൃഷിഭൂമി കൈവശമുള്ളവർ പല കാരണങ്ങളാൽ അത് കൃഷിക്ക് നൽകാതെ തരിശാകുന്നത് ഒഴിവാക്കുവാനും 'നവോ-ധൻ' (NAVODHAN) പദ്ധതി നടപ്പിലാക്കി തുടങ്ങി. വിവിധ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കൈവശമുള്ള കൃഷിഭൂമി കർഷകനും ഭൂവുടമയും തമ്മിൽ ഏർപ്പെടുന്ന ഒരു കരാറിന്റെ (Service Level Agreement) അടിസ്ഥാനത്തിൽ കൃഷിക്കായി നൽകുവാൻ കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) നോഡൽ ഏജൻസിയായ ആണ് നവോധൻ പദ്ധതി നടപ്പിലാക്കുന്നത്..

സംസ്ഥാനത്തിന്റെ ഭക്ഷ്യകാർഷിക മേഖലയുടെ വാണിജ്യവൽക്കരണം സാധ്യമാക്കുക എന്ന

ലക്ഷ്യവുമായി ലോകബാങ്കിന്റെ സഹായത്തോടെയുള്ള 'കേരള കാലാവസ്ഥ പ്രതിരോധ കാർഷിക മൂല്യശൃംഖല ആധുനികവൽക്കരണം' (KERA) പദ്ധതിയ്ക്ക് ഈ വർഷം തുടക്കമായി.

വിവിധ ജില്ലകളിലെ 144 സംരംഭകരുടേതായി 853 ഉൽപ്പന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

കേരളഗ്രോ ബ്രാൻഡ് ഷോപ്പുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലുമായി 15 കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ സ്ഥാപിച്ചു.

ബഹുവിള കൃഷി, ഇടവിള കൃഷി, വിളപരിക്രമം (crop rotation) എന്നിവയിലൂടെ വിള വൈവിധ്യവത്കരണം പ്രോത്സാഹനം, അതുവഴി ഉല്പാദനക്ഷമത വർദ്ധന എന്നീ ലക്ഷ്യങ്ങളോടെ ‘വിള വൈവിധ്യവൽക്കരണം, സാന്ദ്രത വർധിപ്പിയ്ക്കൽ, അവതരണം’ (Crop Diversification, Intensification & Introduction) എന്ന പദ്ധതി നടപ്പിലാക്കി.

കാർഷിക വിളകളെ വന്യമൃഗാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് ആദ്യമായി രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയിൽ കേരളത്തിലെ 12 ജില്ലകളിൽ, സോളാർ ഫെൻസിങ്, ഹാങ്ങിങ് സോളാർ ഫെൻസിങ്, ആനക്കിടങ്ങുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ 1225 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും അതിലൂടെ 19.10 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുകയും ചെയ്തു.

2024-25 സാമ്പത്തിക വർഷത്തിൽ വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ, 40 ലക്ഷം സങ്കരയിനം പച്ചക്കറി തൈകൾ, സങ്കരയിനം പച്ചക്കറി വിത്തുകളുടെ ഒരു ലക്ഷം പായ്ക്കറ്റുകൾ, അത്യുല്പാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ 50 ലക്ഷം തൈകൾ എന്നിവ പൂർണ്ണമായും സൗജന്യമായി വിതരണം നടത്തി.

25724 ചതുരശ്ര മീറ്ററിൽ മഴമറകൾ സ്ഥാപിച്ചു. തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി 124.49 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി

പച്ചക്കറിക്കൃഷി വ്യാപനത്തിന്റെ ഭാഗമായി 95 സ്ഥാപനങ്ങളിൽ പ്രൊജക്ട് അധിഷ്ഠിതമായി പച്ചക്കറി കൃഷി ചെയ്തു.

വി.എഫ്.പി.സി.കെ മുഖേന പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനമാക്കി 1,000 ഹെക്ടറിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു. 135 ഹെക്ടറിൽ കയറ്റുമതി മൂല്യമുള്ള പച്ചക്കറികളുടെ ഉൽപാദനവും പ്രോത്സാഹിപ്പിച്ചു. 720 ഹെക്ടർ സ്ഥലത്തേയ്ക്ക് വാണിജ്യപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ മൂലകങ്ങൾ, സൂക്ഷ്മമൂലകങ്ങൾ, ഡോളോമൈറ്റ് എന്നിവ കർഷകർക്ക് ലഭ്യമാക്കി.

കാലാവസ്ഥാ പ്രതിരോധകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2018 കർഷകർക്ക് പട്ടുതാക്കളും 107.45 ഹെക്ടറിൽ വരൾച്ചയെ മറികടക്കാൻ ഹൈഡ്രോജെൽ ഉപയോഗവും വി.എഫ്.പി.സി.കെ വഴി നടപ്പിലാക്കി.

ഫലവർഗ്ഗവിളകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായും വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഫലവർഗ്ഗ ക്ലസ്റ്ററുകൾ രൂപീകരിച്ച്, 720.22 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു.

2024-25ൽ 606 ഹെക്ടർ തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കുകയും നെൽകൃഷി ആരംഭിക്കുകയും ചെയ്തു.

പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവ 154.684 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു.

ഉല്പാദനത്തിൽ പത്രപോഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഉപയോഗിച്ചുള്ള വളപ്രയോഗം 6268 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി

സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം ജില്ലകളിൽ നടപ്പിലാക്കി. 100 ഹെക്ടർ വീതം വിസ്തൃതിയുള്ള കേരകൃഷി നടപ്പിലാക്കിയത് 23 തെരഞ്ഞെടുത്ത ഗ്രാമപ്പഞ്ചായത്തുകളിലാണ്.

നാളികേരകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 975428 പൊക്കം കൂടിയ (WCT) തൈകളും 76962 കുറിയ ഇനം തൈകളും 12363 സങ്കരയിനം

തൈകളും വിവിധ ജില്ലകളിലായി കർഷകർക്ക് വിതരണം ചെയ്തു.

നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം 4.13 ലക്ഷം WCT, 1.15 ലക്ഷം ഹൈബ്രിഡ്, 0.422 ലക്ഷം കുറിയയിനം വിത്തുതേങ്ങകൾ കർഷകരിൽ നിന്നും സംഭരിച്ചു.

പുഷ്പ കർഷകരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് 112 ഹെക്ടർ ഇറുപ്പ് പൂക്കൾ (ലൂസ് ഫ്ളവർ), 40.6 ഹെക്ടർ വെട്ട് പൂക്കൾ (കട്ട് ഫ്ളവർ), 0.78 ഹെക്ടർ അലങ്കാര ഇലച്ചെടികൾ എന്നിവയുടെ കൃഷി വ്യാപിപ്പിച്ചു.

സംസ്ഥാനത്ത് ഔഷധ സസ്യകൃഷി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 10.72 ലക്ഷം ഔഷധസസ്യങ്ങളുടെ നടീൽ വസ്തുക്കൾ കൃഷി വകുപ്പ് ഫാമുകളിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു.

2024-25 വർഷത്തിൽ 10 സസ്യാരോഗ്യ ക്ലിനിക്കുകൾ (പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ) പുതുതായി സ്ഥാപിച്ചു.

61 ജൈവവള ഉല്പാദന യൂണിറ്റുകൾക്ക് ധനസഹായം നൽകി.

കൃഷിയിടങ്ങൾക്ക് ജൈവ സെർട്ടിഫിക്കേഷൻ ലഭ്യമാക്കുന്ന പദ്ധതിയിൻ കീഴിൽ 601 കർഷകർക്ക് NPOP സെർട്ടിഫിക്കേഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.

കാർബൺ ന്യൂട്രൽ പദവി ലഭിച്ച ആലുവ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിന് പുറമെ, തെരഞ്ഞെടുത്ത 13 ഫാമുകളെയും അതിരപ്പള്ളി ട്രൈബൽ മേഖലയെയും കാർബൺ ന്യൂട്രൽ ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഫാമുകളിൽ സോയിൽ അനാലിസിസ്, കാർബൺ സെക്വസ്ട്രേഷൻ, ബയോമാസ്സ് എസ്റ്റിമേഷൻ, എമിഷൻ പ്രൊഫൈൽ ഫോർമുലേഷൻ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന പരിപാടികൾ ശക്തിപ്പെടുത്തി. കൃഷി സമൃദ്ധി പഞ്ചായത്തുകളിൽ ഫാം പ്ലാൻ രൂപീകരണം, ഫാം പ്ലാനുകളുടെ സ്കോറിംഗ് ചെയ്യൽ എന്നിവ നടപ്പിലാക്കി. 2024-25 സാമ്പത്തിക വർഷം 10977 മാതൃക തോട്ടങ്ങൾ ഈ പദ്ധതിയുടെ സഹായത്തോടെ സജ്ജമാക്കി.

ഫാം പ്ലാൻ അധിഷ്ഠിത ഉത്പാദന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 18 റീറ്റെയിൽ ഔട്ട് ലെറ്റുകൾ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ആകെ നിലവിലുള്ള 19498 വാർഡുകൾ കേന്ദ്രമാക്കി കർഷകസഭകളും ഞാറ്റുവേലചന്തകളും സംഘടിപ്പിച്ചു.

ചെറുധാന്യങ്ങളുടെ ഉപഭോഗം വർധിപ്പിക്കുന്നതിനും മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണനത്തിനുമായി സംസ്ഥാനത്ത് 14 മില്ലറ്റ് കഫേകൾ പ്രവർത്തനം ആരംഭിച്ചു.

ചെറുധാന്യങ്ങളുടെ കൃഷിയും വിളവെടുപ്പാനന്തര പരിപാലനവും ഇവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിനുമുള്ള നൂതന സാങ്കേതികവിദ്യ കൈമാറ്റത്തിനായി ഹൈദരാബാദ് ആസ്ഥാനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസേർച്ചുമായി ധാരണാപത്രം ഒപ്പുവെച്ച് പ്രവർത്തനം തുടരുന്നു.

പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടാകുന്ന കർഷകരെ സഹായിക്കാൻ നഷ്ടപരിഹാരം നൽകുന്ന പദ്ധതി നടപ്പിലാക്കി. പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള വിളനാശത്തിനുള്ള നഷ്ടപരിഹാരത്തിന്റെ സംസ്ഥാന വിഹിതമായി 524.49 ലക്ഷം രൂപ വിതരണം ചെയ്തു.

പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 27 ഇനം വിളകൾക്ക് വിളനാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നു. പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, നെൽകൃഷിക്ക് കീടരോഗബാധ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി. 2024-25 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരമായി 3314 ലക്ഷം രൂപ വിതരണം ചെയ്തു.

കൃഷിയിടങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് വിള ആരോഗ്യ പരിപാലനപദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് അടിസ്ഥാനത്തിൽ തുക അനുവദിച്ചു.

ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതിപ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ 1,94,867 ഗുണഭോക്താക്കൾക്ക് 370.73 കോടി രൂപ പെൻഷനായി നൽകിയിട്ടുണ്ട്.

കർഷക ക്ഷേമനിധി ബോർഡ് : കേരള കർഷക ക്ഷേമനിധിബോർഡിൽ നാളിതുവരെ 15212 കർഷകർ രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. 3,63,83,636/- രൂപ അംശാദായമായി ലഭിച്ചിട്ടുണ്ട്.

പച്ചത്തേങ്ങയുടെ സംഭരണ വില കിലോയ്ക്ക് 32/- രൂപയായിരുന്നത് 2023 ഏപ്രിൽ 1 മുതൽ, 34/- രൂപയായി സർക്കാർ പുതുക്കി നിശ്ചയിച്ചു. നാളികേര സംഭരണത്തിനായി ഒരു തെങ്ങിൽ നിന്നും പരമാവധി ശേഖരിക്കുന്ന നാളികേരത്തിന്റെ എണ്ണം 50 ൽ നിന്നും 70 ആയി ഉയർത്തി. നാളികേര സംഭരണത്തിനുള്ള സ്ഥലവിസ്തൃതിയുടെ പരിധി 15 ഏക്കർ ആയി ഉയർത്തി. 2024-25 വർഷത്തിൽ 1254.02535 ടൺ പച്ചത്തേങ്ങ 2748 കർഷകരിൽ നിന്നായി സംഭരിച്ചിട്ടുണ്ട്.

മാർക്കറ്റ്ഫെഡ് മുഖേന കൊപ്ര സംഭരണം നടത്തുന്നതിന് അനുവദിച്ച 48.77777 ലക്ഷം രൂപ പൂർണമായും ചെലവഴിച്ചു.

റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് 2024 ഏപ്രിൽ ഒന്നിന് കിലോഗ്രാമിന് 170/- രൂപ എന്നത് 180/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 60.00കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്.

വിലസ്ഥിരതയ്ക്ക് വേണ്ടിയുള്ള വിപണി ഇടപെടലിന്റെ ഭാഗമായി 2024-25ൽ 1956 ഓണ വിപണികൾ നടത്തി.

കേരള ഫാം ഫ്രഷ് പഴം പച്ചക്കറി : ബേസ് പ്രൈസ് (Base Price) പദ്ധതി പ്രകാരം 5 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില നിശ്ചയിച്ചിരിക്കുന്നത്. 2024-25 വർഷത്തിൽ 151 ഗുണഭോക്താക്കൾക്ക് 19.39334 ലക്ഷം രൂപ വിതരണം ചെയ്തു.

സംസ്ഥാനത്തെ മൊത്ത വ്യാപാരവിപണികളുടേയും, ജില്ലാസംഭരണകേന്ദ്രങ്ങളുടേയും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും പ്രവർത്തനച്ചെലവുകൾക്കുമായി 50.87752 ലക്ഷം രൂപ ചെലവഴിച്ചു.

'അഗ്മാർക്ക് നെറ്റ്' വിപണി വിലവിവരശേഖരണത്തിനായി കേരളത്തിലെ 109 അഗ്മാർക്ക് നെറ്റ് നോഡുകളിൽ 92 എണ്ണം കൃഷി വകുപ്പും 17 എണ്ണം വി.എഫ്.പി.സി.കെ യും റിപ്പോർട്ട് ചെയ്തുവരുന്നു.

കേരള ഇന്റഗ്രേറ്റഡ് അഗ്രികൾച്ചർ ഡാറ്റാ ഹബ്ബിന്റെ ഭാഗമായി കാർഷിക വിവര ഹബ്ബും ഡിജിറ്റൽ കർഷക സേവനവും പുരോഗമിക്കുന്നു. പ്ലാറ്റ്ഫോമും വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച 'ക്ലൺഗ്രാമം' പദ്ധതി 20 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി.

റിയാസ് (RIAS) പദ്ധതിയിൻ കീഴിൽ കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കാൻ 2000 കോടി രൂപയുടെ പദ്ധതി രേഖ സർക്കാരിന് സമർപ്പിച്ചു.

ഡെവലപ്മെന്റ് ഓഫ് അഗ്രികൾച്ചറൽ സെക്ടർ ഇൻ കുട്ടനാട് പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം 52 വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ പാടശേഖരങ്ങളിൽ സ്ഥാപിച്ചു.

കൃഷി വകുപ്പിന്റെ 10 ജില്ലാ മണ്ണ് പരിശോധന ലാബുകളും സെൻട്രൽ സോയിൽ ആൻഡ് പ്ലാന്റ് ഹെൽത്ത് സെന്ററും അടക്കം 11 ലാബുകൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) മണ്ണ് പരിശോധന 'ഗുണനിലവാര ഉറപ്പ്' അംഗീകാരം ലഭിച്ചു.

**18 സ്മാർട്ട് കൃഷി ഭവനുകൾ സ്ഥാപിക്കുന്നതിനായി 25.68 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.**

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന വിവിധ സംസ്ഥാന പ്ലാൻ ഫണ്ട് പദ്ധതികളിലൂടെ 33583 ഹെക്ടർ പ്രദേശത്ത് രൂക്ഷമായ മണ്ണൊലിപ്പ് തടയുന്നതിനും വരൾച്ച പ്രതിരോധിക്കുന്നതിനും ഭൂഗർഭ ജലവിതാനം മെച്ചപ്പെടുത്തുന്നതിനും കർഷകരുടെ പ്രാപ്തിവികസനത്തിനുമായി 99.06 കോടി രൂപ ചെലവഴിച്ച് വകുപ്പ് നടപ്പിലാക്കിയ വിവിധ ശാസ്ത്രീയ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ കാർഷിക മേഖലയുടെ ഉന്നമനം സാധ്യമാക്കിയിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തൃശ്ശൂർ, ഇടുക്കി, വയനാട്, ആലപ്പുഴ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 60.94 കോടി രൂപയുടെ 75 പദ്ധതികളിലായി 43.03 കോടി രൂപ ചെലവഴിച്ച് 15532.85 ഹെക്ടർ പ്രദേശത്തു പാരിസ്ഥിതിക

| | | | |
|---|---|---|---|
| | | | പുനരുജ്ജീവന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>നബാർഡ് ധനസഹായത്തോടെയുള്ള വാട്ടർഷെഡ് അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾ, മലയോര മേഖലകളിലെ ഉരുൾപൊട്ടൽ ബാധിത/ സാധ്യതാ പ്രദേശങ്ങളുടെ സംരക്ഷണം, പരമ്പരാഗത ജലസ്രോതസ്സുകളുടെയും നീരുറവകളുടെയും ജലനിർഗ്ഗമനമാർഗ്ഗങ്ങളുടേയും നദികളുടെ കൈവഴികളുടെയും പുനരുജ്ജീവനം, നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള സൂക്ഷ്മ നീർത്തട വികസനം, ശുദ്ധജല വിതരണ സംഭരണികളുടെ വൃഷ്ടിപ്രദേശ സംരക്ഷണം, വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം, പ്രകൃതിവിഭവ പരിപാലനത്തിനാവശ്യമായ വിവിധ പരിശീലന പരിപാടികൾ എന്നിവയിലൂടെ കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിനും കാർഷികോല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വകുപ്പിന് സാധ്യമായിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2.9 ലക്ഷം ഹെക്ടറിൽ വിശദ മണ്ണ് പര്യവേക്ഷണം/ മണ്ണ് പര്യവേക്ഷണ പുനർനിർണ്ണയം പൂർത്തിയാക്കി 84 റിപ്പോർട്ടുകളും ബന്ധപ്പെട്ട മാപ്പുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ നടത്ത വരുന്ന മണ്ണ് പര്യവേക്ഷണ പ്രവർത്തനങ്ങളിലൂടെ ലഭിച്ച ഭൂവിഭവ വിവരശേഖരം ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി 650 പഞ്ചായത്തുകളുടെ മണ്ണ് ഭൂപടങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ 1.53 ലക്ഷം മണ്ണ് സാമ്പിളുകൾ വകുപ്പ ലബോറട്ടറികളിൽ പരിശോധിച്ച് പരിശോധനാഫല ലഭ്യമാക്കുകയും ഒരു ലക്ഷത്തോളം സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ, ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാബാങ്ക് സൃഷ്ടിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ വിഭാവനം ചെയ്യുന്ന ഈ പദ്ധതിയിൽ വിവിധ ജില്ലകളിലെ 233 പഞ്ചായത്തുകളുടെ ഡാറ്റാബാങ്ക് തയ്യാറാക്കി. ഈ കാലയളവിൽ 1141.9ലക്ഷം രൂപ മണ്ണ് പര്യവേക്ഷണ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കർഷകർക്ക് ലഭിക്കേണ്ട സഹായങ്ങൾ തടയുന്ന കേന്ദ്ര സർക്കാരിനെതിരെ | (ബി) | കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട്, കേരള സംസ്ഥാനത്തിന് കേന്ദ്ര |

| | | | |
|---|---|---|---|
| | ശക്തമായ നിയമനടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | | സർക്കാരിൽ നിന്നും കർഷകർക്ക് ലഭിക്കേണ്ട അർഹമായ സഹായങ്ങൾ നിഷേധിക്കുന്നതോ തടസ്സപ്പെടുത്തുന്നതോ ആയ യാതൊരു പ്രവണതയും ഇതുവരെ നേരിട്ടിട്ടില്ല. നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും കേന്ദ്ര–സംസ്ഥാന വിഹിതങ്ങൾ നിശ്ചിത മാർഗനിർദേശങ്ങൾ അനുസരിച്ച് തന്നെ ലഭ്യമാകുന്നുണ്ട്. എന്നാൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ, കേന്ദ്രസർക്കാർ നിശ്ചയിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സംസ്ഥാനങ്ങൾക്കും ഒരേ പോലെ ബാധകമാണ്. കേരളത്തിന്റെ പ്രാദേശിക വ്യവസ്ഥകൾ അനുസരിച്ചു വൈവിധ്യമാർന്ന ഭൂപ്രകൃതി കേന്ദ്ര സർക്കാരിനെ നീതി ആയോഗ് മുഖാന്തിരം അറിയിച്ചിട്ടുണ്ടെങ്കിലും ദേശീയ തലത്തിൽ ഉള്ള നിബന്ധനകൾ കേരളത്തിനും ബാധകമാണ് എന്ന് മനസ്സിലാകുന്നു. നിർമ്മാണ പ്രവർത്തനങ്ങളിലും കാർഷിക പ്രവർത്തനങ്ങളിലും കേരളത്തിലെ ചെലവ് മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. അതിനാൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിലും മറ്റും കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന തുക അപര്യാപ്തമാകുന്നു. പദ്ധതികളുടെ മാർഗ്ഗരേഖകളും സംബന്ധിച്ച് കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്ര കാർഷിക മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. നിയമനടപടികളിലേക്ക് പോകേണ്ടുന്ന സാഹചര്യം നിലവിൽ ഇല്ല. |
| (സി) | കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | സംസ്ഥാനത്ത് ഭക്ഷ്യോല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി വിവിധ പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു. സുരക്ഷിത ഭക്ഷണം ഉല്പാദിപ്പിക്കുന്നതിനും വരുമാന ഭദ്രതയ്ക്കും വേണ്ടി എല്ലാത്തരം ജന വിഭാഗങ്ങളെയും സാധ്യമായ എല്ലാ ഇടങ്ങളിലും കൃഷി ചെയ്യുന്നതിനും വിഷ രഹിത ഭക്ഷണം സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനും കൂടി നടപ്പിലാക്കിയ ജനകീയ ക്യാമ്പയിനാണ് ''ഞങ്ങളും കൃഷിയിലേക്ക്''. പച്ചക്കറി, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗ വിളകൾ, തെങ്ങ്, കവുങ്ങ്, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ കൃഷി വ്യാപനവും മൂല്യവർദ്ധനവും ഈ ക്യാമ്പയിനിലൂടെ നടപ്പിലാക്കി. ''ഞങ്ങളും കൃഷിയിലേക്ക്'' ക്യാമ്പയിനിലൂടെ സംസ്ഥാനമൊട്ടാകെ ഉല്പാദനം, വിപണനം, സംസ്കരണം, സേവനം എന്നീ മേഖലകൾ കേന്ദ്രീകരിച്ചു രൂപീകരിച്ച വിവിധ 'കൃഷി കൂട്ടങ്ങൾ' ഇപ്പോൾ പ്രവർത്തനം നടത്തി വരുന്നു. 'ഞങ്ങളും കൃഷിയിലേക്ക് കാമ്പയിന്റെ തുടർച്ചയായി ''കൃഷി സമൃദ്ധി'' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നിലവിലുള്ള എല്ലാ പദ്ധതികളും അനുബന്ധ വകുപ്പുകളുടെ സാധ്യമായ പദ്ധതികളും കൃഷി സമൃദ്ധി പ്രോഗ്രാമിന് കീഴിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഫലാധിഷ്ഠിതമായി നടപ്പിലാക്കാനുള്ള പദ്ധതി തയ്യാറാവുന്നു. സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക സംഭരണ |

വിപണന സംവിധാനം ഒരുക്കുന്നതിനായി 19/10/2023 ന് കേരള അഗ്രോബിസിനസ് കമ്പനി (KABCO) രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കർഷകർക്ക് അവരുടെ വിളകൾ കാര്യക്ഷമമായി പ്രോസസ്സ് ചെയ്യാനും, അവരുടെ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള ആഭ്യന്തര, വിദേശ വിപണികളെ തിരിച്ചറിയാനും, കേരളത്തിന്റെ നാടൻ കാർഷിക ഉൽപന്നങ്ങളും അവയിൽ നിന്ന് ലഭിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങളും വികസിപ്പിക്കുകയും വിപണനം ചെയ്യുകയും, ദേശീയ, അന്തർദേശീയ നിലവാരത്തിലുള്ള പ്രോസസ്സിംഗ് ടെക്നോളജി, അതുപോലെ തന്നെ കൺസൾട്ടൻസികൾ എന്നിവയുൾപ്പെടെ, കാർഷിക, ഭക്ഷ്യ മൂല്യവർദ്ധനയ്ക്കുള്ള ഒരു ഇന്റർ ഡിസിപ്ലിനറി ഇൻസ്റ്റിറ്റ്യൂട്ട് സൃഷ്ടിക്കുന്നതിനും, അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കും ആവശ്യകതകൾക്കും അനുസൃതമായി കാർഷിക ഉല്പന്നങ്ങൾ വാങ്ങുന്നതിനും ചെയ്യുന്നതിനുമായി അഗ്രോ സംഭരിക്കുന്നതിനും പാക്കിംഗിനും വിപണനത്തിനും ബിസിനസ് സെന്ററുകളും, അഗ്രോ പാർക്കുകളും സ്ഥാപിക്കുന്നതിനും കാബ്കോ മുഖേന സാധ്യമാക്കും.

കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുന്നതിനുമായി 2022-23 സാമ്പത്തിക വർഷം തൊട്ട് നടപ്പാക്കുന്ന പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു. വിള വിസ്തൃതി വർദ്ധനവും വികസനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു. തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന കേര രക്ഷാ വാരം പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. ബഹുവിള കൃഷി, ഇടവിള കൃഷി, വിള ഭ്രമണം (crop rotation) എന്നിവയിലൂടെ വിള വൈവിധ്യവത്കരണം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 'വിള വൈവിധ്യവൽക്കരണം, വിളതീവ്രത, അവതരണം' എന്ന പദ്ധതി നടപ്പിലാക്കുന്നു. കാർഷിക

രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവത്കരണ മേഖലയിൽ അഗ്രോ സർവീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കാർഷിക മേഖലയിൽ ഏകജാലക സംവിധാനങ്ങളായ കൃഷിശ്രീ സെന്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവ് മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM പദ്ധതിയിലൂടെ കർഷകർക്കും ഗ്രൂപ്പുകൾക്കും ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നു.

കൃഷിയുടെ നഷ്ട സാധ്യത ലഘൂകരിക്കുവാൻ വേണ്ടി പുനരാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും, കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര പരിപാടി, വന്യമൃഗ ശല്യം ചെറുത്ത് നിൽക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ സഹായത്തോട് കൂടി നടപ്പിലാക്കുന്ന പ്രത്യേക പ്രോജക്ട് എന്നിവ നടപ്പിലാക്കുന്നുണ്ട്.

നിലവിലെ സാഹചര്യത്തിന്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതിക വിദ്യയുടെ മേഖലയിലേക്ക് കേന്ദ്രീകൃത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ -ഓഫീസ് സംവിധാനം, AIMS പോർട്ടൽ, K SWIFT തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ നടപ്പിലാക്കി. കാർബൺ തുലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ.

ഇതോടൊപ്പം ജൈവകൃഷി വികസനം, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി, വിപണി വികസനം, കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായുള്ള പദ്ധതി, പഴം പച്ചക്കറികളുടെ വില സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള കേരളം ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി, നെല്ല് സംഭരണം, പച്ചത്തേങ്ങ സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, എന്നിവ നടപ്പിലാക്കി വരുന്നു. മേൽ പറഞ്ഞവ കൂടാതെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പെർ ഡ്രോപ് മോർ ക്രോപ്, രാഷ്ട്രീയ കൃഷി വികാസ് യോജന, സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ തുടങ്ങിയ കേന്ദ്ര പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും, ഉൽപാദന വർദ്ധനവിനായുള്ള അടിസ്ഥാന സൗകര്യ

| | | | |
|---|---|---|---|
| | | | വികസനത്തിനായി RIDF പോലുള്ള പദ്ധതികളും റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, ലോക ബാങ്ക് സഹായത്തോടെയുള്ള പദ്ധതിയായ കേര എന്നിങ്ങനെ ഈ ലക്ഷ്യം മുൻനിർത്തി വൈവിധ്യമാർന്ന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ